# നാണക്കേടിത് കേരളം

jthrees@hotmail.com

വിത്ത് നന്നാകണം. എങ്കിലേ നല്ല വിളവ് കിട്ടുകയുള്ളൂ. വിത്ത് ഗുണം കുറഞ്ഞാൽ വിളവും കുറയും. ചിലപ്പോൾ തിന്നാൻ പറ്റാത്തതും ചവർപ്പുള്ളതുമായിരിക്കും വിളയുക.

വിത്ത് തെരഞ്ഞെടുക്കുന്നതിലെ ശ്രദ്ധ എല്ലാ കാര്യത്തിലും വേണം. "സൂക്ഷ്മ തയുള്ളവർക്കാണ് അനന്തരഫലം നന്നായിരിക്കുക."

ഭരണവും ഇതിൽനിന്ന് പുറത്തല്ല. നമ്മുടെ കാര്യം കഴിവും യോഗ്യതയുമുള്ളവരെ ഏല്പിക്കുകയെന്ന തൻെറടം ഏറെ കാലമായി നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. എന്തിനാണ് വോട്ട് ചെയ്യുന്നത്? ആർക്ക് ചെയ്യണം? അവരുടെ ഉത്തരവാദിത്തമെന്ത്? അത് ചെയ്തില്ലെങ്കിൽ പരിഹാരമെന്ത്? അത് ജനസേവനത്തിനുള്ള മാർഗമാണോ? അതല്ല, താൻ മുടക്കിയത് മുതൽമുടക്കോടെ ഇരട്ടിക്കിരട്ടി തിരിച്ചുപിടിക്കാനുള്ള മാർഗമാണോ? തുടങ്ങിയ ചിന്തയും ചോദ്യവും നാം മറന്നിരിക്കുന്നു. അവ ഏറെ പ്രസക്തമാണിന്ന്.

പറഞ്ഞുവരുന്നത് നമ്മുടെ സംസ്ഥാനഭരണകൂടത്തെപ്പറ്റിയാണ്. ആര്, ഏത് കക്ഷി എന്നത് വിഷയമല്ല. ചരിത്രത്തിൽ ഇങ്ങനെ ചാരിത്ര്യം നഷ്ടപ്പെട്ട ഒരു ഭരണകൂടം എവിടെയുമുണ്ടാകില്ല എന്നു തോന്നുന്നു.

കഴിഞ്ഞ ഏതാനും നാൾ മുമ്പ് നമ്മുടെ ഭരണകൂടത്തിനും നിയമപാലകർക്കും നല്ല പ്രഹരമാണ് കിട്ടിയത്. (തൽക്കാലം അതിൻെറ ഫലം കണ്ടു. നാടകമാണോ കിട്ടിയതിനെ പട്ടിയാക്കിയതാണോ എന്നൊന്നുമറിയില്ല. അതിനിയും പഴയ പടിതന്നെയാകും. പണമാണല്ലോ കാര്യങ്ങൾ നിയന്ത്രിക്കുന്നത്.)

"ഇവിടത്തെ പോലീസിനെ നിയന്ത്രിക്കുന്നത് മാഫിയകളാണ് എന്ന പച്ചപരമാർ ഥം ഹൈക്കോടതി നമ്മുടെ നിയമപാലകരെ തുറന്നാക്ഷേപിച്ച ഉടനെയാണ് "നിങ്ങ ളുടേത് എന്തുതരം സംസ്ഥാനമാണെ"ന്ന് രാജ്യത്തെ ഉന്നതനീതിപീഠം ഉത്തരവാദപ്പെട്ടവരോട് തിരക്കിയത്? കാര്യങ്ങൾ അത്രത്തോളം വഷളായിരിക്കുന്നു.

സർവത്ര മാഫിയകളാണ്. പെയ്തിറങ്ങുന്ന മഴത്തുള്ളികളെക്കാൾ മാഫിയകൾ. മാഫിയകളുടെ കീശയിൽ കണ്ണേറിഞ്ഞ് നിയമപാലകരും ഭരണകർത്താക്കളും. അവരുടെ തണലിൽ മാഫിയകളും.

മുൻ ഭരണകൂടം അഴിമതിയുടെയും കൈക്കൂലിയുടെയുമൊക്കെ കാര്യത്തിൽ ഹിമാലയത്തെക്കൾ വളർന്നിരുന്നു. ആ കാരണത്താൽ ജനം അവരെ താഴെയിറക്കി. എന്നാൽ പുതിയ സർക്കാർ അഴിമതിയിൽ വാനോളം ഉയർന്നിരിക്കുന്നു. ഉള്ള സംവിധാനമുപയോഗപ്പെടുത്തി പ്രതിപക്ഷവും കൈക്കൂലിയുടെ തളത്തിൽതന്നെയുണ്ട്. രാഷ്ട്രീയക്കാർ പിന്നെന്ത് ചെയ്യാൻ?

പൊതുജനത്തെ വിസ്മരിച്ചും പ്രതിപക്ഷത്തെ പ്രകോപിപ്പിച്ചുമുള്ള ചില ഏർപ്പാടുകളായിട്ടുണ്ട് നമ്മുടെ നാട്ടിലെ ഭരണം. സ്വജനപക്ഷപാതവും അഴമതിയും കൈക്കൂലിയും കെടുകാര്യസ്ഥതയും അതിൻെറ പാരമ്യത്തിൽ എത്തിയിരിക്കുന്നു. നേരെചൊവ്വേ കാര്യങ്ങൾ ചെയ്യണമെന്നുള്ളവർക്ക് അതിന് കഴിയാത്ത വിധം കാര്യങ്ങൾ മാഫിയകളുടെ നിയന്ത്രണത്തിൽ അമർന്നിരിക്കുന്നു. ഈച്ച ചത്തതിനുപോലും ഹർത്താലും ബന്ദും. ഇങ്ങനെ ഒരു രാഷ്ട്രീയം ലോകത്ത് അപൂർവമായിരിക്കും.

ഭരണകൂടങ്ങളുടെ അകത്തളങ്ങളിൽ അസ്വാരസ്യങ്ങൾ ഉയരുമ്പോൾ അത് നാട്ടിനെയും ജനത്തെയും ദോഷമായി ബാധിക്കുമെന്ന് തിരിച്ചറിയാനുള്ള കഴിവ് നമ്മുടെ നേതാക്കൾക്കില്ലാതായിരിക്കുന്നു. അതിനും വേണമല്ലോ തിരിച്ചറിവെന്ന ഉതവി. ഈ തിരിച്ചറിവ് രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ നാം കാണുകയുണ്ടായി. അഞ്ച് വോട്ട് അസാധുവാക്കിയ നമ്മുടെ ജനപ്രതിനിധികളുടെ നിരുത്തരവാദത്തിവും പിടിപ്പുകേടും എത്രമാത്രമുണ്ടെന്ന് അത് വ്യക്തമാക്കുന്നു. നീതിയും ധർമവും സൗഖ്യം നിറഞ്ഞ നാടുമൊക്കെ ഇന്ന് പൊതുജനത്തിന് കഥ പറയാനുള്ള സംഗതികളായിരിക്കുന്നു.

ഈ കാട്ടിക്കൂട്ടലുകൾ നാം സഹിച്ചേ പറ്റു. ഗുണം നോക്കാതെ വിത്തെറിഞ്ഞ നാം തന്നെയാണ് കുറ്റവാളികൾ. പക്ഷേ, അതുകൊണ്ടൊന്നും കാര്യമില്ല. വ്യവസ്ഥ മാറാതെ ആളും രീതിയും മാറിയതുകൊണ്ട് പ്രയോജനമൊന്നുമില്ല. അപ്പോഴും ഇങ്ങനെയൊക്കെത്തന്നെ സംഭവിക്കും. തീർച്ച.

മൂല്യാത്മകമായി കാര്യങ്ങളെ കാണുന്ന, ഉത്തരവാദിത്തവും മാനുഷികപ്രതിപത്തിയുമുള്ള കരങ്ങളിലാണ് നമ്മുടെ കാര്യങ്ങൾ ഏല്പിക്കേണ്ടത്. സർക്കാരും ഭരണവും അതുമൂലം ജീവിതവും ഒരു ഭാരമായി മാറരുതല്ലോ.